# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2244 — 10.10.2011 ൽ മറുപടിക്ക്

### വടകര താലൂക്കിലെ യാത്രാക്ലേശം

**ചോദ്യം**

ശ്രീമതി. കെ.കെ. ലതിക

(എ) വടകര താലൂക്കിൽ എത്ര സ്വകാര്യ ബസുകൾ സർവ്വീസ് നടത്തുന്നുണ്ടെന്നും 01.06.2011 മുതൽ എത്ര സ്വകാര്യ ബസുകൾ സർവ്വീസ് നിർത്തിവെച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(ബി) സ്വകാര്യ ബസുകൾ സർവ്വീസ് നിർത്തിവെക്കുന്ന സാഹചര്യത്തിൽ കെ.എസ്.ആർ.ടി.സി. യുടെ വടകര-തൊട്ടിൽപ്പാലം ചെയിൻ സർവ്വീസ് ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ?

**ഉത്തരം**

ശ്രീ. വി.എസ്.ശിവകുമാർ
ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി

(എ) വടകര താലൂക്കിൽ 472 സ്വകാര്യ ബസുകൾ സർവ്വീസ് നടത്തുന്നുണ്ട്. 01.06.2011 മുതൽ 32 സ്വകാര്യ ബസുകൾ സർവ്വീസ് നിർത്തിവെച്ചിട്ടുണ്ട്.

(ബി) വടകര-തൊട്ടിൽപ്പാലം റൂട്ടിൽ കെ.എസ്.ആർ.ടി.സി. വിവിധ യൂണിറ്റുകളിൽ നിന്നായി നിലവിൽ 21 ട്രിപ്പുകൾ ഓടിക്കുന്നുണ്ട്. ഈ റൂട്ടിൽ ചെയിൻ സർവ്വീസ് നടത്തുന്നതിലേക്കായി 6 ഷെഡ്യൂളുകൾക്ക് അനുവാദം നൽകിയിട്ടുണ്ട്. ബസ്സിന്റെയും ജീവനക്കാരുടെയും കുറവാണ് അനുവാദം നൽകിയ സർവ്വീസുകൾ ആരംഭിക്കുന്നതിന് തടസ്സമായിരിക്കുന്നത്. ബസ്സും ജീവനക്കാരും ലഭ്യമാകുന്ന മുറയ്ക്ക് വടകര-തൊട്ടിൽപ്പാലം റൂട്ടിൽ അനുവാദം നൽകിയ ചെയിൻ സർവ്വീസുകൾ ആരംഭിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ